LIBRARY ARCHIVES Kerala Legislative Assembly

കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോ

276 (1981) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ പുതിയ ബസ്സ് ടെർമിനലും, ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാംഘട്ടമായി നടപ്പിലാക്കുന്ന ബസ്സ് ടെർമിനൽ നിർമ്മാണ പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാലാണ് ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നത്.

(സി) ഇക്കാര്യത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസുകൾ

277 (1982) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ റദ്ദ് ചെയ്ത സർവ്വീസുകൾ എത്രയാണെന്നും അവ ഏതെല്ലാം ആണെന്നും വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായകുളം ഡിപ്പോയിൽ നിന്നും ആരംഭിച്ചിട്ടുള്ള പുതിയ സർവ്വീസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?